# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 344** — **15.03.2017- ൽ മറുപടിയ്ക്ക്**

## സഹകരണ മേഖലയുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.എസ്.ശിവകുമാർ**<br>**" എ.പി. അനിൽ കുമാർ**<br>**" എം. വിൻസെന്റ്**<br>**" സണ്ണി ജോസഫ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയുടെ വികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) സഹകരണ മേഖലയുടെ വികസനത്തിന് ഇനിപ്പറയുന്നവ നടപ്പിലാക്കാനുദ്ദേശിക്കുന്നു.<br>1. സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കോർബാങ്കിംഗ് നെറ്റ്-വർക്ക് ഉൾപ്പെടെയുള്ള ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടു കൂടിയ 'കേരള സഹകരണ ബാങ്ക്' രൂപീകരിക്കും.<br>2. ന്യായമായ വിലയ്ക്ക് ഉപഭോഗ വസ്തുക്കളും മരുന്നുകളും വിതരണം ചെയ്യുന്നതിനായി കൂടുതൽ നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുകയും. തിരഞ്ഞെടുക്കപ്പെട്ട 'നീതി സ്റ്റോറുകൾ' നീതി സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികൾ പരിഗണിച്ചു വരുന്നു.<br>3. കൺസ്യൂമർ ക്രെഡിറ്റ് കാർഡ് പദ്ധതി നടപ്പിലാക്കി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുന്ന കാര്യം പരിഗണനയിലാണ്.<br>4. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ സഹായത്തോടെ പ്രതിവർഷം 20,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭക യൂണിറ്റുകളുടെ സാദ്ധ്യത പരിശോധിച്ചു വരുന്നു.<br>5. വിനോദ സഞ്ചാര വകുപ്പിന്റെ സഹായത്തോടെ വിനോദ സഞ്ചാര മേഖലയിലെ വികസന പദ്ധതികൾ |

ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു.

6. പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ആയുർധാര ഉൽപ്പന്നങ്ങൾ ഒരു സവിശേഷ ബ്രാന്റായി വികസിപ്പിക്കുകയും ചെയ്ത് നീതി ശൃംഖലകൾ വഴി വിപണനം നടത്തുന്ന പദ്ധതി പരിഗണനയിലാണ്.
7. പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങളുടെ പുന:സംഘാടനത്തിന്റെ ഭാഗമായി സർക്കാരിലുള്ള കടങ്ങൾ ഷെയറാക്കി മാറ്റുകയും പലിശ എഴുതിത്തള്ളുകയും ചെയ്യും. സമഗ്ര പുന:രുദ്ധാരണ സ്കീമിന്റെ ഭാഗമായിട്ടായിരിക്കും ഈ നടപടി സ്വീകരിക്കുക
8. സഹകരണ മേഖലയിൽ കേരളത്തിലെ ഏറ്റവും വലിയ വാണിജ്യ സ്ഥാപനങ്ങളിൽ ഒന്നായ റബ്കോ പുന:രുദ്ധരിക്കുന്നതിന് ഒരു സ്കീം തയ്യാറാക്കുന്നതാണ്.

| | |
|---|---|
| ബി) ഏതെല്ലാം നൂതന പദ്ധതികളാണ് ഈ മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ; | ബി) മേൽ പരാമർശിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇവയിൽ നീതി മെഡിക്കൽ സ്റ്റോറുകൾ, നീതി സ്റ്റോറുകൾ എന്നിവയൊഴികെയുള്ള മറ്റെല്ലാ പദ്ധതികളും നൂതന പദ്ധതികളാണ്. |
| സി) മുൻ സർക്കാർ നടപ്പാക്കിയ ഏതെല്ലാം പദ്ധതികളാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികളൊന്നും തന്നെ മേൽ പരാമർശിച്ച പ്രകാരമുള്ള പദ്ധതിയിലുൾപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**